പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1770 **26-10-2026-ൽ മറുപടിയ്ക്ക്**

ഓഫീസ് അറ്റൻഡന്റ് തസ്തിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേനാപതി വേണു ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയലിൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

മറുപടി: കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 1, കാറ്റഗറി 2 (k)-ൽ ഉൾപ്പെടുന്ന തസ്തികയാണ് വിവിധ വകുപ്പുകളിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക.

(ബി) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയലിൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഹൈക്കോടതിയുടെയും (ഓ. പി (കെ.എ.റ്റി) നമ്പർ 149/2015 തീയതി 28.02.2017) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും (OA[EKM]-1657/2023 തീയതി 5/08/2026) ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ **OP (KAT) No. 149/2015** ഹർജിയിലെ **28.02.2017**-ലെ ഉത്തരവ് പ്രകാരം, എസ്.ഐ.മാരുടെ നേരിട്ടുള്ള നിയമനങ്ങൾക്ക് മിനിസ്റ്റീരിയൽ സ്റ്റാഫ് വിഭാഗത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവരണത്തിൽ ആഭ്യന്തര വകുപ്പിലെ ഓഫീസ് അറ്റൻഡന്റുമാരെയും നിലവിൽ പരിഗണിച്ചു വരുന്നുണ്ട്.

കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം മോട്ടോർ വാഹന വകുപ്പിൽ ഓഫീസ് അറ്റൻഡന്റുമാരെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ, **O.A.(EKM) No. 1657/2023** മേലുള്ള **05.08.2026**-ലെ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയലിൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

മറുപടി: നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ